# നല്ലതും ചീത്തയും

GRADE I BOOK 8

1597
4608

ബാലൻ പ്രസിദ്ധീകരണങ്ങൾ
തിരുവനന്തപുരം

GRADE I　　　　　　　　　　　BOOK 8

# നല്ലതും ചീത്തയും

ഗ്രന്ഥകർത്താ

കെ. സി. ചാക്കോ

എം. ഏ, ബി ഈ. ഏ. എം. ഐ ഈ.



NATIONAL BOOK STALL
SPCS LTD
ERNAKULAM

ബാലൻ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം

വില 50 ന. പൈ

*Balan Children's Series*
*General Editor:-Mathew M. Kuzhivelil*
(Malayalam)
Nallathum Cheethayum
by
K. C. CHAKO
M. A. B. E. A. M. I. E.
Reprinted June 1960
Printed at
KERALA PRESS, TRIVANDRUM
Price 50 nP.
Copyright by
Balan Publications.
Publishers
Balan Publications, TRIVANDRUM



4408


# നല്ലതും ചീത്തയും

'അമ്മേ ചേച്ചി എന്നെ അടിച്ചു.' കുഞ്ഞുമകൾ കരഞ്ഞുകൊണ്ട് അമ്മയോട് സങ്കടം പറഞ്ഞു.

'അവൾ എന്റെ പെൻസിലും പുസ്തകവും ഒക്കെ എടുത്തിട്ടാണ്'' മൂത്ത സഹോദരി അമ്മയോട് അതിന് സമാധാനം നൽകി.

വികൃതിക്കുട്ടികൾ— നിങ്ങൾക്കു തമ്മിൽ വഴക്ക് ഉണ്ടാക്കാതിരിന്നുകൂടെ?— അമ്മ സ്നേഹപൂർവ്വം അവരെ ശാസിച്ചു. 'നിങ്ങൾ രണ്ടുപേരും നല്ല കുട്ടികളായിരിക്കണം—നല്ല കുട്ടികൾ. കേട്ടോ'?

'അമ്മേ! ഞാൻ ചേച്ചിയുടെ പെൻസിൽ ഒന്ന് എടുത്തതു് തെററാണോ? ഞാൻ ചേച്ചിയുടെ പുസ്തകത്തിലെ പടം കാണാൻ എടുത്തതാണ്. ഞാൻ അതു ചീത്തയാക്കിയില്ല'.



'അമ്മേ അതു് എൻെറ പെൻസിലും എന്റെ പുസ്തകവുമല്ലേ. അതു് അവൾ എടുത്തതു് ശരിയാണോ? ഞാൻ അവളെ പതുക്കെ ഒന്നു് അടിച്ചതേ ഉള്ളു.'.

'കുഞ്ഞുങ്ങളെ' തെററു് ഏതു് ശരി ഏതു്, എന്നു് നിങ്ങൾക്കറിയണം അല്ലേ? പറയാം. തെററും ശരിയും തിരിച്ചറിയണമെങ്കിൽ ആദ്യമായി നല്ലതും ചീത്തയും തിരിച്ചറിയണം. നല്ലതു്. എന്നാൽ എന്താണു്? നിങ്ങൾ നല്ലകുട്ടികളാണു് എന്നു പറഞ്ഞാൽ നിങ്ങൾക്കു എന്തു തോന്നും?'

'സന്തോഷം തോന്നും'

'എനിക്കോ?'

'അമ്മയ്ക്കും സന്തോഷമായിരിക്കും.'

'നേരെ മറിച്ചു് നിങ്ങൾ ചീത്തക്കുട്ടികളാണെന്നു് ഞാൻ പറയേണ്ടതായി വന്നാൽ....?'

'ഞങ്ങൾക്കു് സങ്കടവും നാണവും തോന്നും.'

എന്നിട്ടോ?

'അമ്മയ്ക്ക് ഞങ്ങളോട് വിണക്കമായി രിക്കും.'

അത്രു തന്നെ നല്ലതും ചീത്തയും തിരിച്ചറിയാനുള്ള വിദ്യ. നാം എന്തെങ്കിലും ചെയ്താൽ അതുകൊണ്ട് നമുക്കും മററുള്ളവർക്കും സന്തോഷം തോന്നുമെങ്കിൽ അതു് നല്ലതു്. അതുകൊണ്ട് ആർക്കെങ്കിലും സങ്കടവും നാണവും തോന്നുമെങ്കിൽ ആ പ്രവർത്തി ചീത്ത. നല്ല പ്രവത്തികൾ എല്ലാം ശരി. ചീത്തപ്രവത്തികൾ എല്ലാം തെററു്. മനസ്സിലായോ?''

'ഉം.... ഉം ...'

'ആകട്ടെ. ചേച്ചിയുടെ പുസ്തകവും പെൻസിലും ചേച്ചി അറിയാതെ നീ എടുത്തപ്പോൾ ചേച്ചിക്ക് സന്തോഷം ഉണ്ടായോ സങ്കടം ഉണ്ടായോ!'

'സങ്കടം.'

'അതുകൊണ്ടു നീ ചെയ്തതു്....'

"ചീത്ത— തെറ്റ്— അവൾ സമ്മതിച്ചു.'

'നീ അവളെ അടിച്ചപ്പോൾ നിൻെറ കുഞ്ഞനിയത്തി ചിരിച്ചോ, കരഞ്ഞോ?' അമ്മ മൂത്ത മകളോടു ചോദിച്ചു.

മറുപടിയില്ല.

നീ ചെയ്തതു തെറ്റോ--ശരിയോ?

വീണ്ടും മറുപടിയില്ല.

'കൊള്ളാം, നിങ്ങൾ ഇങ്ങനെ ശണ്ഠ കൂടുന്നതു് നിങ്ങൾക്കു് തെറ്റും ശരിയും തിരിച്ചറിഞ്ഞു കൂടാഞ്ഞിട്ടാണു്. കുറെക്കൂടി നിങ്ങൾക്കു മനസ്സിലാകുന്നതുപോലെ ഞാൻ പറഞ്ഞുതരാം, വൈകുന്നേരമാകട്ടെ. കുട്ടികൾ രണ്ടുപേരും കളിക്കുവാൻ ഓടിപ്പോയി.

വൈകുന്നേരം അമ്മ അവരെ വിളിച്ചു പറഞ്ഞു:—'കുഞ്ഞുങ്ങളെ നോക്കൂ! ഇതാ ഈ കാണുന്ന ലോകം മുഴുവൻ ഉണ്ടാക്കിയതു് ദൈവമാണു്. അതിലുള്ള പൂക്കളും ചെടി

കളും, കുന്നുകളും, നദികളും എല്ലാം ദൈവം ഉണ്ടാക്കിയവ തന്നെ. മനുഷ്യരായ നമ്മെയും സൃഷ്ടിച്ചതു ദൈവമാണ്. ദൈവം നമ്മുടെ പിതാവാകുന്നു. മനുഷ്യർ സുഖമായും സന്തോഷമായും ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ അവർ എല്ലാവരും അതു ചെയ്തില്ല. ചില ആളുകൾ മററുള്ളവരുടെ സാധനങ്ങൾ മോഷ്ടിച്ചു. ചിലർ ധാരാളം കള്ളം പറഞ്ഞു. ചിലർ ചീത്തവാക്കുകൾ പറഞ്ഞു രസിച്ചു. മററു ചിലർ തമ്മിൽ അടിപിടികൂടി. ചിലർ മററുള്ളവരെ കൊല്ലുകകൂടി ചെയ്തു. ഇതു കണ്ട് ദൈവം ദുഃഖിച്ചു. ദൈവം തൻെറ പ്രിയ പുത്രനോട് ഇതേപ്പററി പറഞ്ഞു. 'മകനെ നീ ലോകത്തേക്ക് പോകൂ. അവിടെ ഒരു മനുഷ്യനായി കഴിഞ്ഞാൽ അവരോടുകൂടി ജീവിക്കുക. അവരെ നന്മയും തിന്മയും പഠിപ്പിക്കുക.

ദൈവപുത്രൻ അതു സമ്മതിച്ചു. അദ്ദേഹം മനുഷ്യനായി അവതരിച്ചു.

യേശുവിൻറ അമ്മ മേരിയും വളർത്തച്ഛൻ ഒരു മരപ്പണിക്കാരനായ ജോസപ്പും ആയിരുന്നു.

യേശുവിൻറ കുട്ടിക്കാലം നിങ്ങൾ കണ്ടു പഠിക്കേണ്ട ഒന്നാണ്. അദ്ദേഹം ജോസപ്പിനേയും മേരിയേയും വളരെ വളരെ സ്നേഹിച്ചു. വളരെ പൂർണ്ണമായി അനുസരിച്ചു.

അവർക്ക് ഇഷ്ടമില്ലാത്ത യാതൊന്നും അദ്ദേഹം ചെയ്തില്ല. അവരുടെ അനുവാദത്തോടുകൂടി മാത്രമേ അദ്ദേഹം എന്തെങ്കിലും ചെയ്തിരുന്നുള്ളു.

യേശു മേരിയെ അവളുടെ ജോലികളിൽ സഹായിച്ചു. അവൾ ജോലിയ്ക്കിടയിൽ പറയും—'അയ്യോ! ഇവിടെ വെള്ളം ഒട്ടും ഇല്ലല്ലോ.

അതു കേൾക്കാത്ത താമസം യേശു കുടം എടുത്ത് ഗ്രാമത്തിലുള്ള കിണററിങ്കലേയ്ക്ക് ഓടുകയായി.

ചിലപ്പോൾ മേരി പറയും—മകനെ ഇന്നു നമുക്കു കുറച്ചു് ഗോതമ്പു വാങ്ങണമല്ലോ?'

അതു കേൾക്കുമ്പോൾ പണവും മേടിച്ചു് പാത്രവും എടുത്തു കച്ചവടസ്ഥലത്തേക്കു് ഓടും. ഒരിടത്തും താമസിക്കാതെ ഗോതമ്പും വാങ്ങി, തോളിൽ വച്ചു് എടുത്തുകൊണ്ടു വന്നു് മേരിയ്ക്കു് കൊടുക്കും.

അവർ രണ്ടുപേരും കൂടി അതു പൊടിച്ചു് അപ്പം ഉണ്ടാക്കും. ഒന്നിച്ചു ജോലി ചെയ്യുമ്പോൾ യേശുവും മേരിയുംകൂടി പല കഥകളും പറയും.

യേശുവിനെ ഒരിക്കൽപോലും മേരിക്കു് ശാസിക്കേണ്ട ആവശ്യം ഉണ്ടായില്ല. അതുപോലെ തന്നെ യേശു ജോസപ്പിന്നും കഴിയുന്ന സഹായങ്ങൾ ചെയ്യും.

ജോസപ്പിന്നു് ഒരു മരക്കട ഉണ്ടായിരുന്നു. ചിലർ ജോസപ്പിനോടു് എനിക്കു്

ഒരു തൊട്ടിൽ വേണം. എൻെറ വിട്ടിൻെറ മുൻവശത്തും ഒരു പടിവാതിൽ വേണമെന്നു ചിലരും,- ഇതിനു ജോസപ്പിനു വേണ്ട തടിയും മററു സാമാനങ്ങളും എടുത്തു അരികത്തു കൊണ്ടുചെന്നു കൊടുക്കുന്നതു യേശുവിനു വളരെ സന്തോഷമായിരുന്നു.

ജോസപ്പു ചിലപ്പോൾ ആ ബാലനെ ചില മരപ്പണികൾ ഒക്കെ പഠിപ്പിച്ചു.— 'ഇതാ ഉളി പിടിക്കുന്നതും ഇങ്ങനെയാണു', ഈ തടിക്കഷണങ്ങൾ ചേൎന്നിരിക്കാൻ ഇവിടെ ഒരു ആണി അടിച്ചു ഉറപ്പിക്കണം. പലകയുടെ പരുപരുപ്പു നീങ്ങുവാൻ ഇതുപോലെ ഉളികൊണ്ടു ചീകണം, ഇങ്ങനെ ഓരോന്നും.

തൻെറ കുഞ്ഞുകൈകൾക്കു ചിലപ്പോൾ ഒക്കെ വേദന ഉണ്ടാകുന്നു എന്നു ആ ബാലനു തോന്നി. എങ്കിലും യാതൊരു മടിയും കൂടാതെ അതെല്ലാം യേശു സന്തോഷത്തോടെ ചെയ്തു. അച്ഛൻെറ ജോ

ഘിയിൽ സഹായിക്കുന്നതിൽ ആ ബാല ന് അഭിമാനം തോന്നി.

വിട്ടിലെ ആവശ്യങ്ങൾക്കു വേണ്ട പണം ഉണ്ടാക്കാനും ആ കുഞ്ഞു കൈകൾക്കു കഴിയും എന്ന് ബാലനായ യേശു കണ്ടു.

ജോലി സംബന്ധിച്ച് വീട്ടിൽ വന്ന വരോട് യേശു കാര്യങ്ങൾ ചോദിച്ച് മന സ്സിലാക്കി. അവരോട് ശരിയായ സമാ ധാനം പറഞ്ഞു.

യേശുവിനെപ്പററി ജോസപ്പും മേരി യും ഒന്നും ഭയപ്പെട്ടില്ല. അനുസരണയുള്ള അവരുടെ പുത്രൻ വികൃതിക്കുട്ടികളുടെ കൂ ടെ ചേരുകയില്ലെന്നു അവർക്കു അറിയാമാ യിരുന്നു. അടുത്ത വീട്ടിലെ കുട്ടികളോടും യേശു വളരെ സ്നേഹത്തോടെ പെരുമാറി.

യേശുവിൻെറ കളിസാധനങ്ങൾ മററു ള്ളവർക്കും ഉപയോഗിക്കുവാൻ ആ ബാലൻ മടികൂടാതെ കൊടുത്തുവന്നു. പാവപ്പെ ട്ടവരും അന്യനാട്ടുകാരുമായ കുട്ടികളെ പ്ര

ത്ത്യേകം വാത്സല്യത്തോടെ യേശു സ്വീകരിച്ചു; സഹായിച്ചു.

അങ്ങനെ യേശു എല്ലാവരുടേയും കണ്ണിലുണ്ണിയായി വളർന്നുവന്നു.

യേശുവിനു മുപ്പതു വയസ്സുവരെ അദ്ദേഹം മാതാപിതാക്കന്മാരോടുകൂടി വീട്ടിൽ താമസിച്ചു.

പിന്നീട് അദ്ദേഹം പരസ്യമായ ജീവിതത്തിലേക്ക് ഇറങ്ങി, സാധുക്കളെ സഹായിക്കുന്നതിനും അവർക്കു നല്ല ബുദ്ധി ഉപദേശിക്കുന്നതിനുംവേണ്ടി അദ്ദേഹം നാടുമുഴുവൻ ചുററിനടന്നു. അക്കാലത്ത് അദ്ദേഹം പല രോഗികളെ സുഖപ്പെടുത്തി. കുരുടന്മാരുടെ കണ്ണുകൾ തെളിച്ചു. ചെകിടന്മാരുടെ കാതുകൾ തുറന്നു. ഊമന്മാരെ സംസാരിക്കാൻ വശമാക്കി. മററുള്ളവർക്കുവേണ്ടി യേശു പല അത്ഭുതങ്ങളും പ്രവർത്തിച്ചു.

ഒരിക്കൽ യേശുവും മേരിയുംകൂടി ഒരു കല്യാണത്തിനു പോയി. സദ്യ നടക്കു

റിന്നാൽ അവരുടെ വീഞ്ഞു തീർന്നുപോയി. ഇതു കണ്ടു് മേരിക്കു് സങ്കടം തോന്നി. വീഞ്ഞില്ലാതെ സദ്യ നടത്തുന്നതു കുറവായിരുന്നു. അവരെ സഹായിക്കാൻ മേരി യേശുവിനോട് പറഞ്ഞു. യേശു വേലക്കാരെ വിളിച്ച്, പാത്രത്തിൽ വെള്ളം കോരി നിറയ്ക്കുവാൻ പറഞ്ഞു. അവർ അങ്ങനെ ചെയ്തു. വീണ്ടും അതു വിരുന്നുകാർക്കു വിളമ്പുവാൻ പറഞ്ഞു. അപ്പോഴേക്കും അതു നല്ല വീഞ്ഞായി മാറിയിരുന്നു. കുടിച്ചവർ വീഞ്ഞിന്റെ വിശേഷതയോർത്തു് അത്ഭുതപ്പെട്ടു.

ഒരിക്കൽ യേശു പോകുന്ന വഴി കുറെപ്പേർ ഒരു ശവം മറവു ചെയ്യുന്നതിനു് കൊണ്ടുപോകുന്നതു കണ്ടു. മരിച്ച യുവാവിന്റെ അമ്മ അക്കൂട്ടത്തിൽ നിലവിളിച്ചുകൊണ്ടു പോകുന്നുണ്ടായിരുന്നു.

ആ യുവാവിന്റെ അച്ഛൻ നേരത്തെ മരിച്ചുപോയിരുന്നു. അവൻ അമ്മയുടെ ഏക മകനുമായിരുന്നു. ആ സ്ത്രീയുടെ അതി

രാറ സങ്കടം മനസ്സിലാക്കി
രുടെ അടുത്തുചെന്നു. ശവപ്പെട്ടിയി
ന്ന യുവാവിനെ അദ്ദേഹം ജീവിപ്പിച്ച് അ
മ്മയെ ഏല്പിച്ചു. ആ അമ്മയുടെ സന്തോഷ
ത്തിനു അതിരില്ലായിരുന്നു.

മക്കളേ! കുഷ്ഠരോഗികളെ നിങ്ങൾ കണ്ടിട്ടില്ലേ!

'എന്തു്! കുഷ്ഠരോഗമോ അമ്മേ, അതു് എങ്ങനെയിരിക്കും?

'അതോ—കഴിഞ്ഞ ശനിയാഴ്ച നമ്മുടെ വീട്ടിൽ ധർമ്മത്തിനു വന്നില്ലേ ഒരു വയസ്സൻ, ദേഹത്തെ എല്ലാം വ്രണവുമായിട്ടു്. കാലിൻെറയും കൈയുടേയും വിരലുകൾ ഒക്കെ പഴുത്തു മുറിഞ്ഞുപോയി കുററി പോലെ ഇരുന്ന ആ ആൾ.

'വന്നു! വന്നു!! ഞാൻ ഓർക്കുന്നു. അയാൾ മുററത്തു് നിന്നിട്ടുതന്നെ എന്തൊരു ചീത്ത മണമായിരുന്നു. ഞാൻ ദൂരെ നിന്നു് അയാൾക്കു് നാലു കാശു് ഇട്ടു കൊടുക്കുകയാ യിരുന്നു.

...യുള്ള കുഷ്ഠരോഗികളെ അ
...പട്ടണത്തിൽ കേറുകയില്ലായിരുന്നു.
ഒരിക്കൽ പത്തു കുഷ്ഠരോഗികൾ, യേശു
ദൂരെക്കൂടി പോകുന്നതു കണ്ടു് അവരെ സു
ഖപ്പെടുത്തണേ എന്ന് വിളിച്ച നിലവി
ളിച്ചു.

അദ്ദേഹം അവരോട് അടുത്തുള്ള ഒരു കുളത്തിൽ പോയി കുളിക്കുവാൻ പറഞ്ഞു.

കുളിച്ചുകഴിഞ്ഞപ്പോൾ അവർക്കു പൂർണ്ണ സുഖം കിട്ടി.

ഒരു ദിവസം വളരെ അധികം ആളുകൾ – അയ്യായിരം പേരുണ്ടായിരുന്നു, യേശുവിന്റെ പ്രസംഗം കേട്ടുകൊണ്ടു് കൂടിയിരുന്നു.

ഉച്ച കഴിഞ്ഞു. വളരെ നേരമായിട്ടും അവർ പിരിഞ്ഞുപോയില്ല.

അവരുടെ വിശപ്പും ക്ഷീണവും കണ്ടു അവർക്കു് ഭക്ഷണം കൊടുക്കുവാൻ ശിഷ്യന്മാരോടു് യേശു പറഞ്ഞു.

അഞ്ചു് അപ്പവും, കുറച്ചു മീനും മാത്രമേ മേ അവരുടെ കയ്യിൽ അപ്പോൾ ഉണ്ടായിരുന്നുള്ളു.

ഉള്ളതു മുറിച്ചു് അവർക്കു് വിളമ്പുന്നതിന്നു് യേശു പറഞ്ഞു. അവർ അയ്യായിരം പേർക്കും മതിയാവോളം കൊടുത്തിട്ടും വീണ്ടും അപ്പവും മീനും മിച്ചം ഉണ്ടായിരുന്നു. ഇങ്ങനെ പലതും യേശു ചെയ്തു.

യേശുവിന്നു് കുട്ടികളെ വലിയ പ്രിയമായിരുന്നു. ഒരു ദിവസം യേശു ക്ഷീണിച്ചു് ഒരിടത്തു് ഇരുന്നു. അപ്പോൾ കുറെ സ്ത്രീകൾ അവരുടെ കുട്ടികളുമായി യേശുവിൻെറ അടുത്തു ചെന്നു.

'യേശു വളരെ ക്ഷീണിച്ചിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ ഉപദ്രവിക്കരുതു്' എന്നു പറഞ്ഞു് ശിഷ്യന്മാർ ആ സ്ത്രീകളെ തടഞ്ഞു നിർത്തി.

യേശു ഇതു കണ്ടു് ശിഷ്യന്മാരോടു പറഞ്ഞു:—കുഞ്ഞുങ്ങൾ എൻെറ അടുത്തു വരുന്നതിനു് നിങ്ങൾ അനുവദിക്കുക. കുഞ്ഞു

ളെപ്പോലെ ഉള്ളിൽ കളങ്കമില്ലാത്ത ആളുകൾ വേറെയുണ്ടോ? അവരോട് എനിക്കും എന്റെ പിതാവിനും വളരെ സ്നേഹം ഉണ്ട്.'

ഇതു കേട്ട് ശിഷ്യന്മാർ ലജ്ജിച്ചു. യേശു അതിൽ ഒരു ശിശുവിനെ എടുത്തു മടിയിൽ ഇരുത്തി.

എല്ലാവരേയും ആ കുഞ്ഞിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:—'വലിയവരായ നിങ്ങൾകൂടി ഈ കുഞ്ഞുങ്ങളെപ്പോലെ കളങ്കമില്ലാത്തവരാകണം. എങ്കിൽ മാത്രമേ നിങ്ങൾ നല്ലവരാകയുള്ളു.'

ഇതെല്ലാം കണ്ട് പലരും യേശുവിന്റെ അടുത്തു് ചെന്നു. ചിലർ എപ്പോഴും അദ്ദേഹത്തോടുകൂടി ജീവിച്ചു. അവരെയാണ് യേശുവിന്റെ ശിഷ്യന്മാർ എന്നു വിളിക്കുന്നതു്. യേശു ശിഷ്യന്മാരോടും മററ് എല്ലാവരോടും നല്ല കാര്യങ്ങളേയും ചീത്ത

4408



കാര്യങ്ങളേയും പററി പല ഉപദേശങ്ങളും നൽകി. ചെറിയ ചെറിയ നല്ല കഥ കൾ പറഞ്ഞു് അദ്ദേഹം തൻെറ അടുത്തു ചെന്നവരെ, തെററു് ഏതു് ശരി ഏതു് എന്നു പഠിപ്പിച്ചു.

'അമ്മേ ഞങ്ങൾക്കും ആ കഥ എല്ലാം കേൾക്കണം.'

'പറയാം, പറയാം, പക്ഷെ അതെല്ലാം ഇനി ഒരിക്കൽ, യേശു പ്രത്യേകമായി പഠി പ്പിച്ച കാര്യങ്ങൾ മാത്രം ഇന്നു പറയാം.'

എല്ലാവരേയും പ്രത്യേകിച്ച് കുഞ്ഞുങ്ങ ളെയും അരികത്തു വിളിച്ച് യേശു പറയു മായിരുന്നു. നിങ്ങൾ എല്ലാവരും എൻെറ പിതാവിൻെറ പ്രിയപ്പെട്ട മക്കളാകുന്നു. എൻെറ പിതാവു് എല്ലാവരേയും, വയലുക ളിലെ പൂക്കളെയും, ആകാശത്തെ പറവക ളെപ്പോലും നോക്കി രക്ഷിച്ച് വളർത്തുന്നു. അദ്ദേഹം അതുകൊണ്ടു് നിങ്ങളെ എത്ര കാര്യമായി രക്ഷിക്കുകയില്ല? നിങ്ങൾ

അദ്ദേഹത്തെ സ്നേഹിക്കണം, നിങ്ങൾക്കു ഉള്ള തെല്ലാം അദ്ദേഹം നിങ്ങൾക്കു തന്നതാണ്. ഒന്നും നിങ്ങളുടെ സ്വന്തമല്ല. അതുകൊണ്ടു് നിങ്ങൾ അദ്ദേഹത്തോടു് നന്ദിയുള്ളവരായി രിക്കണം. നിങ്ങൾ എല്ലാവരേയും സ്നേഹി ക്കണം. വിശന്നു വലഞ്ഞു് വഴിയെ നടക്കു ന്ന പാവപ്പെട്ട കുട്ടികളെ നിങ്ങളെപ്പോലെ തന്നെ നിങ്ങൾ കരുതണം. നിങ്ങളുടെ വീടു കളിൽ വേലയ്ക്കു നില്ക്കുന്നവരേയും സ്വന്തം ആളുകളെപ്പോലെ നിങ്ങൾ കരുതണം. നിങ്ങൾക്കു് ആരോടും വിരോധം ഉണ്ടാക രുതു്. നിങ്ങളെ ആരെങ്കിലും ഒന്നു് അടി ച്ചാൽ ഉടൻ നിങ്ങൾ തിരിച്ചടിക്കരുതു്. വേണമെങ്കിൽ ഒന്നുകൂടെ അടിച്ചുകൊള്ളാൻ പറയണം.

നിങ്ങളോടു് വഴക്കു് പറയുകയോ ശണ്ഠ കൂടുകയോ ചെയ്യുന്നവരോടു് നിങ്ങൾ വഴക്കു പറയരുതു്. കുറം ചെയ്യുന്നവരോടു് നിങ്ങൾ ക്ഷമിക്കണം.

ഒരിക്കൽ കുറേപേർകൂടി ഒരു പാപിനി സ്ത്രീയെ കല്ലു് എറിഞ്ഞു കൊല്ലണം എന്നു

പറഞ്ഞു് യേശുവിൻെറ അടുത്തു കൊണ്ടു ചെന്നു.

യേശു അവരോടു പറഞ്ഞു.

'നിങ്ങളിൽ ഒരു കുററവും ചെയ്യാത്ത ആൾ ആദ്യമായി ആ സ്ത്രീയെ കല്ലു് എറിയുക.

ആ സ്ത്രീയെ പിടിച്ചുകൊണ്ടു വന്നവർ എല്ലാം കുററം ചെയ്തവരായിരുന്നു.

അവർ അവിടെനിന്നും നാണിച്ചു് ഓടിപ്പോയി.—

വീണ്ടും യേശു ഉപദേശിച്ചു:—

നിങ്ങളുടെ കൂട്ടുകാർക്കു സുഖക്കേടു വരുമ്പോൾ, അവരെ ചെന്നു കണ്ടു് സന്തോഷിപ്പിക്കുക.

കുട്ടികൾ മാതാപിതാക്കന്മാരോടും ഗുരുക്കന്മാരോടും അനുസരണയുള്ളവരായിരിക്കുക.

എല്ലാവരും മേലധികാരികളോടു് ബഹുമാനമുള്ളവരായിരിക്കുക. തിന്നുകയും കുടിക്കുകയും ചെയ്യുന്നതു് കൊതികൊണ്ടു് ആയിരിക്കരുതു. ചീ[illegible]ളിൽ നിന്നു[illegible] കൂടരുതു. [illegible] ച്ചതു്.

ഇതെല്ലാമാണ് ശരി—നല്ല ജീവിതത്തിന്റെ അടയാളം! സഹോദരന്മാരെ സ്നേഹിക്കാതെ സ്വന്തകാര്യം മാത്രം നോക്കി— അവനവന്റെ സുഖത്തിനുവേണ്ടി മാത്രം ജീവിക്കുന്നതു് ചീത്ത—തെററു്.

എന്താ ഇപ്പോൾ തെററും ശരിയും നിങ്ങൾക്കു മനസ്സിലായോ?

കുട്ടികൾ രണ്ടുപേരും തല കുലുക്കി.

അമ്മ ഉപദേശം അവസാനിപ്പിച്ചുകൊണ്ടു പറഞ്ഞു:—

'അതു് എന്റേതു്—ഇതു് എന്റേതു്—എന്നു പറഞ്ഞു് മനുഷ്യർ ഓരോരുത്തരും ലോകം സ്വന്തമാക്കുവാൻ ശ്രമിക്കുന്നു. മററുള്ളവർക്കു് ആവശ്യമുള്ളതും, അവനവനു് അധികമുള്ളതു പോലും വിട്ടുകൊടുക്കാൻ മനുഷ്യനു് മനസ്സില്ല. അതു തെററു്—അവനവനു് ആവശ്യമുള്ളതു കഴിഞ്ഞു ബാക്കി—അയല്ക്കാരന്റെ ആവശ്യം അറിഞ്ഞു അവനു കൊടുക്കാൻ മാത്രമുള്ള സ്നേഹം മനുഷ്യർക്കു ഉണ്ടാകണം—എല്ലാവരും ഒരു ദൈവത്തിന്റെ മക്കളാണെങ്കിൽ—ആ പിതാവിനെ സ്നേഹിക്കുന്ന മക്കൾ

തമ്മിലും സ്നേഹിക്കണം. സഹോദരസ്നേഹം കൊണ്ടു മനസ്സ് നിറയുമ്പോൾ പിന്നെ വേണ്ട തെല്ലാം തനിയെ വന്നുകൊള്ളും. ഇതാണ് യേശു നമ്മെ പഠിപ്പിച്ച ഒരു പാഠം.

* * * * * * *

'ചേച്ചി! ഇനി ഞാൻ ചേച്ചിയുടെ പെൻസിൽ എടുക്കുകയില്ല. കേട്ടോ?

അങ്ങനെയല്ലെടി യേശു പറഞ്ഞതു്. എനിക്കു് രണ്ടുമൂന്നു പെൻസിലും ഒരുപാടു പാഠപുസ്തകങ്ങളും ഇല്ലേ! നീ ഒരു പെൻസിൽ എടുത്താൽ എനിക്കു് ഒന്നുമില്ല. എന്റെ പുസ്തകവും എടുത്തു് പഠംകണ്ടോ. കീറാതെ സൂക്ഷിച്ചാൽ മതി.........എനിക്കു് പിണക്കവുമില്ല.

4408



# നല്ലതും ചീത്തയും

GRADE I BOOK 8

1597
4408
49.08

ബാലൻ പ്രസിദ്ധീകരണങ്ങൾ
തിരുവനന്തപുരം

Indic Digital Archive Foundation
gpura.org